പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2064 — 13.06.2019 ൽ മറുപടിക്ക്

**കോതമംഗലം താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ അടിസ്ഥാനത്തിൽ വികസനം നടപ്പിലാക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ കോതമംഗലം താലൂക്ക് ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 2017-18-ൽ ആർദ്രം മിഷന്റെ ഭാഗമായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br>1. ദന്തൽ മെക്കാനിക് - 1<br>2. സ്റ്റാഫ് നഴ്സ് - 2<br>3. ലാബ് ടെക്നീഷ്യൻ - 3<br>4. ഇ.സി.ജി.ടെക്നീഷ്യൻ - 1<br>5. മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ - 1 |
| (ബി) | പതിനാറിലധികം ആദിവാസി **കോളനികൾ ഉള്ള കോതമംഗലം** മണ്ഡലത്തിലെ പ്രധാന ആതുരാലയമായ **കോതമംഗലം താലൂക്ക് ആശുപത്രിക്ക** പ്രത്യേക പരിഗണന നല്കി ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു മെഡിക്കൽ ഇന്റൻസീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ